പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തേക്ക് വരുന്ന കോഴിമുട്ട അസുഖം ബാധിച്ച കോഴികളുടേതല്ല എന്നുറപ്പുവരുത്തുവാൻ അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള ചെക്ക്പോസ്റ്റുകളിൽ മുട്ട കടത്തുന്നതിന് അധികാരപത്രം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഗുണമേന്മ പരിശോധിക്കുകയും ഗുണമേന്മയില്ലാത്ത മുട്ടകൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കാർഷിക സർവ്വകലാശാലയുടെ ഉൽപ്പാദന വർദ്ധന വിത്തുകൾ

94 [424] ശ്രീ. എം. പി. ഗംഗാധരൻ:
„ കെ. സി. വേണുഗോപാൽ:
„ സി. പി. മുഹമ്മദ്:
„ എം. മുരളി:
„ ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാല എന്തെല്ലാം വിധത്തിലുള്ള ഉൽപ്പാദന വർദ്ധന വിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്;

(ബി) ഇവയ്ക്ക് മറ്റ് വിത്തുകളേക്കാൾ എത്ര ശതമാനം കൂടുതൽ ഉൽപ്പാദനം നൽകുവാൻ കഴിയുന്നുണ്ട്;

(സി) ഇത്തരം അധിക ഉൽപ്പാദന വിത്തുകൾ ആവശ്യാനുസരണം ഉൽപ്പാദിപ്പിക്കുവാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിയുന്നുണ്ടോ?

ഉത്തരം

(എ) കേരള കാർഷിക സർവ്വകലാശാല നെല്ല്, പച്ചക്കറി, തെങ്ങ്, കശുമാവ്, കൊക്കോ, സുഗന്ധ വ്യഞ്ജനങ്ങൾ, എണ്ണക്കുരുക്കൾ, പയർ വർഗ്ഗങ്ങൾ, കരിമ്പ്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മരുന്നുചെടികൾ, തീറ്റപ്പുല്ല് തുടങ്ങിയ വിവിധ വിളകളിലായി അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ പുറത്തിറക്കിയിട്ടുണ്ട്.

(ബി) സാധാരണ ഇനങ്ങളെ അപേക്ഷിച്ച് ഇവയ്ക്ക് വിളയുടെ വ്യത്യാസമനുസരിച്ച് 25 മുതൽ 100 ശതമാനം വരെ ഉൽപ്പാദന വർദ്ധനവിന് കഴിവുള്ളവയാണ്.

(സി) സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly